**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1513** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റ് തസ്തികയിലെ എലിജിബിലിറ്റി ടെസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പി.എസ്.സി. വർഷങ്ങളുടെ ഇടവേളകളിൽ മാത്രം നടത്തുന്ന എലിജിബിലിറ്റി ടെസ്റ്റ് പാസായിട്ടില്ലെന്ന കാരണത്താൽ ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റ് തസ്തികയിൽ 2013 മുതൽ നിയമിതരായ ഉദ്യോഗസ്ഥരുടെ വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ് തുടങ്ങിയ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | പരീക്ഷ പാസാവുന്നതിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്മേൽ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; മുൻകാലങ്ങളിലെന്നപോലെ ഇളവ് ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | **12.03.2024-ലെ സ.ഉ(അച്ചടി)നം.10/2024/ ജിഇഡിഎൻ ഉത്തരവ് പ്രകാരം നിലവിൽ അൻപത് വയസ് കഴിഞ്ഞ ലാബ് അസിസ്റ്റന്റ്മാരെയും വിശേഷാൽ ചട്ടം നിലവിൽ വരുന്നതിന് മുൻപ് നിയമിതരായ ലാബ് അസിസ്റ്റന്റ്മാരെയും, വിരമിച്ചവരെയും വിശേഷാൽ ചട്ടപ്രകാരമുള്ള ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് പാസാകുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. നിലവിൽ പി.എസ്.സി നടത്തി വരുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റിനു ഭേദഗതി വരുത്തി Lab Attenders Test നടത്തുന്നതിന് prescribed syllabus നിശ്ചയിക്കുന്നതിനും text book തയ്യാറാക്കുന്നതിനും തീരുമാനം കൈക്കൊണ്ട് തദനുസൃതമായി ചട്ടഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ